കരിമ്പു കൃഷി

1294. [1942] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരിമ്പുകൃഷിയുമായി ബന്ധപ്പെട്ട് എത്ര ആളുകൾ പണിയെടുക്കുന്നുവെന്ന് ഗവൺമെൻറ് കണക്കുകൾ എന്തെങ്കിലും ശേഖരിച്ചിട്ടുണ്ടോ ;

(ബി) കരിമ്പു കൃഷി വർഷന്തോറും കുറഞ്ഞുവരുന്നുവെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇന്ന് കരിമ്പു കൃഷിക്കാർക്ക് ഗവൺമെൻറ് നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) ഒരു ടൺ കരിമ്പിന് ഇന്ന് ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന വിലയെത്രയാണ് ;

(ഇ) കരിമ്പു വില ഉയർത്തി നിശ്ചയിക്കാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ററി ആൻഡ് വി പദ്ധതി പ്രകാരം ശാസ്ത്രീയ കൃഷിരീതികളെപ്പറ്റി കൃഷിക്കാർക്ക് അറിവുകൾ പകർന്നുകൊടുക്കുന്നുണ്ട്.

(ഡി) ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിന് 205 രൂപയും ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിന് 250 രൂപയും ആണ്.

(ഇ) കേന്ദ്രഗവൺമെൻറ് ആണ്ടുതോറും നിശ്ചയിക്കുന്ന തറവില അനുസരിച്ച് സംസ്ഥാന വ്യവസായ വകുപ്പ് അതാത് ഫാക്ടറി മേഖലയിൽ വില പുതുക്കി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കേര കൃഷിക്കാർ

1295. [1943] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കേര കൃഷിക്കാർക്കുവേണ്ടി കഴിഞ്ഞ മൂന്നവർഷങ്ങളിലായി വിവിധ ബാങ്കുകൾ മുഖേന എത്രപേർക്ക് വായ്പ നൽകിയിട്ടുണ്ടെന്നും ആയതിലേക്കുവേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്നും അറിയുമോ ;

(ബി) അവിടത്തെ കേര കൃഷിക്കാരെ സഹായിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കേര ഉൽപ്പാദനത്തിനും വികസനത്തിനും വിപണനത്തിനും വേണ്ടിയുള്ള സമഗ്രമായ ഒരു പരിപാടിക്ക് രൂപം നൽകിവരുന്നു.

(സി) വിശദമായ പരിപാടികൾക്ക് രൂപം നൽകിവരുന്നതേയുള്ളു.

പ്ലാന്റേഷൻ കോർപ്പറേഷൻ വക ഫാക്ടറികൾമൂലമുള്ള മലിനീകരണം

1296. [1944] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻവക കൊടുമൺ, ചന്ദനപ്പള്ളി ഫാക്ടറികളിൽനിന്നും നിർഗ്ഗമിക്കുന്ന ജലവും ദുർഗന്ധവും പരിസരപ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രശ്നത്തിൽ അടിയന്തിര പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ വക ചന്ദനപ്പള്ളി ഫാക്ടറിയിൽ നിന്നും നിർഗ്ഗമിക്കുന്ന ജലത്തെ സംബന്ധിച്ച് സമീപവാസികളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ വക കൊടുമൺ ഫാക്ടറിയിൽനിന്ന് നിർഗ്ഗമിക്കുന്ന മലിനജലം ശുദ്ധീകരണ പ്രക്രിയകൾക്ക് വിധേയമാക്കിയതിനുശേഷം മാത്രമേ പുറത്തേക്ക് ഒഴിക്കിവിടുന്നുള്ളു. ശുദ്ധീകരണങ്ങൾക്കുവേണ്ടി റബ്ബർ ബോർഡിന്റെ സാങ്കേതിക ഉപദേശം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശം 4.50 ലക്ഷം രൂപയോളം നിർമ്മാണച്ചിലവു വരുന്ന ശുദ്ധീകരണ ടാങ്കുകൾ നിർമ്മിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഫാക്ടറിയിൽനിന്ന് ശുദ്ധീകരിച്ച് പുറത്തേക്കു വിടുന്ന ജലം, ജല മലിനീകരണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള പരിശോധനകൾക്ക് വിധേയമാക്കിവരുന്നുണ്ട്.

(സി) 'ബി' വിഭാഗത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മൃഗാശുപത്രികളിലെ സൗജന്യ ചികിൽസാ പദ്ധതി

1297. [1946] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഇന്നുള്ള സൗജന്യ ചികിൽസാ പദ്ധതി നിറുത്തലാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സൗജന്യ ചികിൽസാ സമ്പ്രദായം എന്നുമുതൽ നിറുത്തുമാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly